പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6045

10-7-12 ൽ
മറുപടിക്ക്

## സിഡിറ്റിലെ റീസ്ട്രക്ച്ചറിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി സത്യൻ | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സിഡിറ്റിൽ റീസ്ട്രക്ച്ചറിംഗ് നടപടിയുടെ ഭാഗമായി പദവിമാറ്റം നൽകിയതിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>ബി) സംവരണതത്വം പാലിച്ചിട്ടില്ലെങ്കിൽ നടത്തിയ റീസ്ട്രക്ച്ചറിംഗ് നടപടികൾ പിൻവലിക്കുമോ; | എ) & ബി) എൻട്രി കേഡർ തസ്തികകളിലേക്ക് നേരിട്ടുള്ള സ്ഥിരനിയമനം നടത്തുമ്പോഴാണ് സംവരണ തത്വം പാലിക്കേണ്ടത്. സിഡിറ്റിലെ ഉദ്യോഗസ്ഥ പുനർവിന്യാസത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളിൽ പുതിയ നിയമനങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല. അതിനാൽ സംവരണം പാലിക്കുന്ന പ്രശ്നം ബാധകമല്ല. |
| സി) പട്ടികജാതി-വർഗവിഭാഗത്തിൽപ്പെട്ടവരെ നിലവിലെ ചുമതലകളിൽ നിന്നും മാറ്റുകയോ തരംതാഴ്ത്തുകയോ ചെയ്തിട്ടുണ്ടോ;<br>ഡി) ഏതെല്ലാം പദ്ധതികളിൽ നിന്നും ആരെയൊക്കെയാണ് മാറ്റിയിട്ടുള്ളത്; പ്രസ്തുത കാരണമുൾപ്പെടെ വിശദമാക്കാമോ? | സി) & ഡി) സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് വേണ്ടി സിഡിറ്റ് നടപ്പിലാക്കി വരുന്ന ഐ.ടി പരിശീലന പരിപാടിയായ സൈബർശ്രീ പദ്ധതിയുടെ നടത്തിപ്പിന് സിഡിറ്റിലെ ഉദ്യോഗസ്ഥർക്ക് തന്നെ പുനർവിന്യാസം വഴി അധികചുമതല നൽകിയിരുന്നു. ഇപ്രകാരം സൈബർശ്രീ. പ്രോജക്ടിന്റെ എക്സിക്യൂട്ടീവ് ഓഫീസർ, പ്രോജക്ട് മാനേജർ എന്നീ നിലകളിൽ അധികചുമതല വഹിച്ചിരുന്നത് യഥാക്രമം സിഡിറ്റിലെ സീനിയർ ഓഫീസ് അസിസ്റ്റന്റായ ശ്രീ. ബി. സതീശനും റിസർച്ച് അസിസ്റ്റന്റായ ശ്രീ. സാജനുമാണ്. സൈബർശ്രീ. പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ മേൽനോട്ടം ഉറപ്പുവരുത്തുന്നതിനും പദ്ധതി നിർവഹണം മെച്ചപ്പെടുത്തുന്നതിനുമായി സിഡിറ്റിന്റെ രജിസ്ട്രാറും സൈബർശ്രീ. പദ്ധതിയുടെ ഡയറക്ടർ ബോർഡ് അംഗവുമായ സിഡിറ്റിന്റെ രജിസ്ട്രാർതന്നെ ആ പദ്ധതിയുടെ എക്സിക്യൂട്ടീവ് ഓഫീസർ ആയി പ്രവർത്തിക്കണമെന്ന് സിഡിറ്റ് തീരുമാനമെടുത്തു |

അതിന്റെ ഭാഗമായി സിഡിറ്റിന്റെ ഉന്നത ഉദ്യോഗസ്ഥനായ രജിസ്ട്രാർ സൈബർശ്രീ. പദ്ധതിയുടെ എക്സിക്യൂട്ടീവ് ഓഫീസറായി ചുമതലയേറ്റെടുത്തു. തുടർന്ന് ഇപ്പോൾ ആ ചുമതല വഹിച്ചിരുന്ന ഉദ്യോഗ്ഥാനായ ശ്രീ. ബി. സതീശൻ സൈബർശ്രീ. പദ്ധതിയുടെ തന്നെ പ്രോജക്ട് മാനേജർ ആയി അധികചുമതലയിൽ തുടരണമെന്നും തീരുമാനിച്ചു. ശ്രീ. ബി. സതീശൻ സിഡിറ്റിൽ ജോലി ചെയ്തുവരുന്ന അതേ തസ്തികയിൽ തന്നെ തുടർന്നുകൊണ്ടാണ് പ്രോജക്ട് മാനേജരുടെ അധികചുമതല നൽകിയിട്ടുള്ളത്. ഹോളോഗ്രാം പ്രോജക്ടിലെ സയന്റിസ്റ്റായ ശ്രീ. സാജൻ ആ പ്രോജക്ടിലെ ഗവേഷണ വിഭാഗത്തിന്റെ മേധാവിയായി നിയമിച്ചതിന്റെ ഭാഗമായിട്ടാണ് സൈബർശ്രീ. പദ്ധതിയുടെ അധികചുമതലയിൽ നിന്നും ഒഴിവായിട്ടുള്ളത്. ഈ മാറ്റങ്ങളിൽ യാതൊരുവിധ തരംതാഴ്ത്തലും ഉൾപ്പെടുന്നില്ല.

സെക്ഷൻ ഓഫീസർ